# സാഹിതി

national book festival 2019

വാർത്താപത്രിക 4

കേരള സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം

അക്ഷരപ്പൂമഴ സഞ്ചിക വിദ്യാർത്ഥികൾ ഏറ്റുവാങ്ങുന്നു.





കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറി
എം.കെ.മാധവൻനായർക്ക് അന്ത്യാഞ്ജലി.

# പ്രചോദിപ്പിക്കുന്ന ഒരോർമ



കടാങ്കോട് പ്രഭാകരൻ

മലയാളിയായി പിറന്നവൻ പ്രസംഗിക്കാൻ കിട്ടിയ അവസരം പാഴാക്കുകയില്ലെന്ന് പറഞ്ഞത് വികെഎൻ ആണ്. വികെഎന്നിന്റെ പറച്ചിലിന് ഒരപവാദമാണ് ഇന്നലെ യശഃശരീരനായ എം. കെ.മാധവൻനായർ. കേരള സാഹിത്യ അക്കാദമിയിൽ സെക്രട്ടറിയായിരുന്ന മൂന്ന് വർഷക്കാലം (1984–1987) ഒരിക്കൽപോലും ആരെക്കുറിച്ചും ഒരനുസ്മരണപ്രഭാഷണമോ ഏതെങ്കിലും വിഷയത്തെക്കുറിച്ച് പഠനമോ നിർവഹിക്കുകയുണ്ടായിട്ടില്ല. നന്നായി എഴുതാനും പ്രസംഗിക്കാനും കഴിവുള്ള വ്യക്തിയാണ്. പ്രസംഗപാടവത്തിന്റെ പിൻബലത്തിൽ പഠനകാലത്ത് കോളജ് യൂണിയൻ പ്രസിഡന്റായി വിലസിയ ദേഹമാണ്. മലയാളത്തിലെ എഴുത്തുകാരുമായി ഇത്രയധികം അടുപ്പവും സ്നേഹവും പുലർത്തിയ മറ്റൊരാളെ കണ്ടെത്തുക പ്രയാസം. എന്നാൽ, ഈ സ്നേഹബന്ധങ്ങൾ ഒരിക്കൽപോലും സ്വന്തം നേട്ടത്തിന് അദ്ദേഹം ഉപയോഗിച്ചിരുന്നില്ല.

അക്കാദമി സെക്രട്ടറി എന്ന നിലയിൽ ഔദ്യോഗികച്ചുമതലകളുടെ ഭാഗമായി സ്വാഗതം പറയും, ചിലപ്പോൾ നന്ദിയും. പിന്നെ അദ്ദേഹത്തെ കാണുക സദസ്സിന്റെ ഏതെങ്കിലും ഒരു കോണിലായിരിക്കും.

അക്കാദമിയിൽ സേവനത്തിലുണ്ടായിരുന്ന കാലത്ത് പന്ത്രണ്ട് മണിവരെ ഇരുന്ന് ജോലി ചെയ്യുമായിരുന്നു. അക്കാദമിയിൽ വരുന്നതിനു മുമ്പ് എസ്പിസിഎസ്സിൽ അദ്ദേഹം സെക്രട്ടറിയായിരുന്നു. അതിനുമുമ്പ് വടക്കാഞ്ചേരി അരുണോദയം പ്രസ്സിൽ ദീർഘകാലം അസിസ്റ്റന്റ് മേനേജരായും സേവനമനുഷ്ഠിച്ചിരുന്നു. ഈ കാലയളവിൽ അച്ചടിയിലും പുസ്തകപ്രസാധനത്തിലും കേറ്റലോഗിങ്ങിലും പ്രായോഗികപരിശീലനം നേടി. യുനെസ്കോയുടെ സഹകരണത്തോടെ ദക്ഷിണേന്ത്യൻ പുസ്തകവ്യവസായകൗൺസിൽ നടത്തിയ പുസ്തകവിപണനകോഴ്സ് അദ്ദേഹം പൂർത്തിയാക്കി. ഇക്കാലത്തിനിടയിൽ ഹിന്ദി, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യം നേടി.

സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ സംഘടനാചാതുര്യത്തിൽ ഏറെ ശക്തിയും സൗന്ദര്യവും ആർജിച്ചു. സുൽത്താൻ ബത്തേരിയിൽ ഹരിജന-ഗിരിജനവിഭാഗത്തിലെ സാഹിത്യകാരന്മാർക്കായി നടത്തിയ ക്യാംപ്, പി. എസ്.അനന്തനാരായണശാസ്ത്രി ജന്മശതാബ്ദി, കോഴിക്കോട് നടത്തിയ യുവസാഹിത്യകാര ക്യാംപ്, കെ.പി.കറുപ്പൻ ജന്മശതാബ്ദി, തിരുവനന്തപുരത്ത് നടത്തിയ സാഹിത്യശിബിരം തുടങ്ങിയവ മാധവൻനായുടെ ആസൂത്രണവൈഭവത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്.

ആരോഗ്യപ്രശ്നങ്ങളുടേയും സമയക്കുറവിന്റേയും പരിമിതികൾ മറികടന്നുകൊണ്ടാണ് അദ്ദേഹം അക്കാദമിയിൽ പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെ സൗഹൃദമനോഭാവവും സ്നേഹശീലങ്ങളും അക്കാദമി ജീവനക്കാരെ ഊർജസ്വലരാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. മനുഷ്യത്വമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അന്തർധാര. മാനവികതയിൽ തളിർത്തുവളർന്നതാണ് അദ്ദേഹത്തിന്റെ ജീവിതവീക്ഷണം. ●



# പുസ്തകവും മനുഷ്യരും



പി.എൻ.ഗോപീകൃഷ്ണൻ

**ലോ**കത്തെ മഹത്തായ കണ്ടുപിടുത്തം എന്നെ സംബന്ധിച്ചിടത്തോളം തീയോ ചക്രമോ കൃഷിയോ അല്ല. പുസ്തകമാണ്. തീയില്ലെങ്കിൽ നാം വേവിക്കാത്ത ഭക്ഷണം കഴിച്ചേനെ. ചക്രമില്ലെങ്കിൽ നമ്മുടെ സഞ്ചാരം കാൽനടയോ തുഴച്ചിലോ ആയി പരിമിതപ്പെട്ടേനെ. കൃഷിയില്ലായിരുന്നെങ്കിൽ നാം അലഞ്ഞുതിരിഞ്ഞ് പെറുക്കിത്തിന്നേനെ. പക്ഷേ, പുസ്തകമില്ലായിരുന്നെങ്കിൽ, നമുക്ക് വായന എന്നൊരു സിദ്ധി തന്നെ ഇല്ലാതെ പോയേനെ.

പുസ്തകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പാപ്പിറസ് ചുരുളുകൾ മുതൽ ഇ-ബുക്കുകൾ വരെ നീണ്ടുകിടക്കുന്ന വായന എന്ന വ്യവഹാരത്തെ സാധ്യമാക്കുന്ന സാങ്കേതിക അടിസ്ഥാനങ്ങളെയാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ലോകത്തിലെ വസ്തുക്കളെ ജീവിനുള്ളതും ജീവനില്ലാത്തതും എന്ന് തരംതിരിച്ചാൽ അതിൽ പെടാത്ത ഏകവസ്തു എന്നെ സംബന്ധിച്ചിടത്തോളം പുസ്തകമാണ്. ആരും തൊടാതിരിക്കുമ്പോൾ ജീവനില്ലാതിരിക്കുകയും ആരെങ്കിലും തൊട്ടാൽ ഉടനടി ജീവൻ വെക്കുകയും ചെയ്യുന്നത്. അതിന്റെ കാരണം നാമെന്തായിരുന്നു എന്നതിന്റെ സൂക്ഷിപ്പും നാമെന്താണ് എന്ന വിശകലനത്തിന്റെ സംഗ്രഹവും നാമെന്താകണം എന്ന ആലോചനയുടെ ചലനപഥവുമാണ് പുസ്തകം. വായന അതിനാൽ ജീവിതത്തിന്റെ അനന്തമായ സംഗീതം കേൾക്കലാണ്. ആ സംഗീതം മധുരിതമായ ഒന്നുമാത്രമല്ല. സത്തയുടെ സംഗീതമാണത്. നമ്മെ നാമാക്കി വെക്കുന്ന ഒന്ന്.

ഒരുപക്ഷേ, വ്യക്തിയെന്ന് ഏകകം നിലനിൽക്കുന്ന ഏകഇടം വായനയാണെന്ന് പറയാം. വായന സംഭവിക്കുന്ന ഇടത്തെയാണ് നാം ഏകാന്തതയെന്ന് വിളിക്കുന്നു. അതേസമയം ആ ഏകാന്തത ഉൾവലിയുന്ന ഒന്നല്ല. അത് ബന്ധങ്ങളുടെ ഒരു ശ്രേണിയിലേക്ക് ഉന്മുഖമാക്കുന്ന ഒന്നാണ്. സൂര്യൻ നഭശ്ചരങ്ങളുടെ ബന്ധത്തെ നിർണയിക്കുന്ന ഒരു കേന്ദ്രമായിരിക്കുന്നതുപോലെ മനുഷ്യബന്ധങ്ങളുടെ ഉപകേന്ദ്രമാണ് വായനക്കാരി/ക്കാരൻ.

അതിനാൽ ഓരോ പുസ്തകവും മനുഷ്യരോട്, ഭൂമിയോട്, പ്രപഞ്ചത്തോട് ഉള്ള പ്രണയക്കത്താണ്. ഹിറ്റ്ലറുടെ ആത്മകഥപോലും. അമൃതും വിഷവും ഭൂമിയിൽതന്നെ എന്ന ആയുർവേദതത്ത്വംപോലെ സംസ്കാരത്തിലെ കെടുതികളും ഉയർച്ചകളും വായിക്കാൻ നാം പഠിക്കേണ്ടതുണ്ടല്ലോ.

നല്ല വായനക്കാർക്കുമാത്രം അറിയുന്ന ഒരു രഹസ്യത്തെ ബോർഹെസ് ഒരിക്കൽ വെളിവാക്കി. ഈ പ്രപഞ്ചം ഒരു വായനശാലയാണ്. ●



# യോ(രോ)ഗപരിചയം



വർഗീസാന്റണി

വർഷങ്ങൾക്കുമുമ്പ് ഒരിക്കൽ വൈറസ് പനി വന്നു. ശരിക്കും വൈറലായി. ഇടക്ക് വിറയലും വന്നു. ശരീരം തളർച്ചയുടെ പടുകുഴിയിലേക്ക് വീണുകൊണ്ടിരുന്നു. എവിടേയും ഒരു പിടുത്തവും കിട്ടുന്നില്ല. ഡോക്റ്ററെ കണ്ടു. ഉഗ്രഹരിപഞ്ചാനനെ (സി.വി.രാമൻപിള്ളയുടെ കഥാപാത്രം) പോലെ പ്രവർത്തിക്കുന്ന ഗുളികന്മാരെ തന്നു. കഴിച്ചു. പനി പേടിച്ച് പമ്പ കടന്നു. പക്ഷേ തളർച്ചക്കൊരു തളർച്ചയുമില്ല. നല്ല ഉയർച്ചയാണ്. പതുക്കെപ്പതുക്കെ അത് മനസിനെ വരിഞ്ഞുമുറുക്കാൻ തുടങ്ങി. മനസ് കൈവിട്ടുപോവുന്നതുപോലെ. എത്തും പിടിയും കിട്ടാത്ത ഏതോ വിഭ്രമമണ്ഡലത്തിൽ കിടന്ന് വട്ടം കറങ്ങി. നട്ടം തിരിഞ്ഞു. ഉച്ചകഴിയുമ്പോഴാണ് മൂക്കുക. സന്ധ്യയാവുന്തോറും മൂപ്പ് കൂടും. നാലുമണിവെയിലിന്റെ നിറത്തിൽ, രൂപത്തിൽ, ഭാവത്തിൽ മരണം അരിച്ചരിച്ച് കയറിവരുന്നത് കണ്ട് ഞാൻ പകച്ചു. ശരീരത്തിന്റെ ഓരോ അണുവിലും അത് പ്രസരിക്കുന്നത് അറിയാം. എന്താണിത്? എന്തുകൊണ്ടാണിത്? എന്താണ് പോംവഴി? ഞാൻ മരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ മറ്റാർക്കും ഒരു കൂസലുമില്ല. ഭാര്യക്കുപോലും. അവർക്കിതൊന്നും മനസിലാകുന്നില്ലെന്നുണ്ടോ?

മറ്റു മനുഷ്യർ ഫലിക്കാതാവുമ്പോൾ (ദൈവം ഒരിക്കലും ഫലിച്ചിട്ടില്ല) ഞാൻ പുസ്തകങ്ങളെത്തേടി പോവുകയാണ് പതിവ്. അപ്പപ്പോഴത്തെ

മാനസികാവസ്ഥക്ക് പറ്റിയ പുസ്തകങ്ങളെടുത്ത് വായിക്കും. ഇത്തവണയും ഞാൻ അങ്ങനെ ചെയ്തു. പക്ഷേ ഒരു പുസ്തകവും എന്നെ തുണച്ചില്ല. വികെഎൻ പോലും. ശ്രദ്ധ കീറിപ്പറിഞ്ഞു പോവുന്നു. അസ്വസ്ഥത പിരിമുറുക്കുന്നു. മുറുക്കിത്തുപ്പുന്നു. അപ്പോഴാണ് ആ പുസ്തകം ശ്രദ്ധയിൽപെട്ടത്. വാങ്ങിയിട്ടും വായനയിൽ പിൻവാങ്ങിയ പുസ്തകം. നിത്യചൈതന്യയതിയുടെ 'യോഗപരിചയം'. പതഞ്ജലിയുടെ യോഗസൂത്രങ്ങൾക്ക് മലയാളത്തിൽ അർത്ഥം കൊടുത്ത് വ്യാഖ്യാനിക്കുന്ന പുസ്തകം. കുറേ സൂത്രങ്ങളുണ്ടെങ്കിലും സൂത്രത്തിലാർക്കും വായിക്കാൻ പറ്റാത്ത പുസ്തകം. വായനയിൽ കരിങ്കല്ല് കടിച്ച് (അതുപോലെ ചില വാക്കുകൾ അതിലുണ്ട്) നല്ല ആരോഗ്യമുള്ളപ്പോൾ വായിക്കാൻവേണ്ടി മാറ്റിവെച്ചിരുന്ന പുസ്തകം.

വെറുതെ ഒരു താൽപര്യവുമില്ലാതെ അത് തുറന്നു. ഒരു പ്രതീക്ഷയുമില്ലാതെ വായിക്കാൻ തുടങ്ങി. എന്തതിശയം! പെട്ടെന്ന് അലസത മാറി. ഉൽസാഹം വന്നു. അതുവരെ മനസിലാവാതിരുന്ന പുസ്തകം ഇപ്പോൾ നല്ലതുപോലെ മനസിലാവാൻ തുടങ്ങി. ഒച്ചുപോലെ വായിച്ചിരുന്നത് കാറ്റുപോലെയായി. ഇതുവരെ മനസിലാവാതിരുന്നത് മനസറ്റുപോയ ഈ സമയത്ത് എങ്ങനെയാണ് മനസിലാവുന്നത്? എത്ര വിചിത്രമായ കാര്യമാണ് മനസിലാവൽ. മനസിലാവലിനേപ്പോലെ മനസിലാവാത്ത കാര്യം വേറെയില്ല.

യതിയുടെ സൂത്രമുപയോഗിച്ച് പതഞ്ജലിയുടെ യോഗസൂത്രങ്ങളിലൂടെ ഞാൻ കടന്നുപോയി. വീണ്ടും വീണ്ടും കടന്നുകടന്ന് കയറിപ്പോയി. മുമ്പ് 'കഠിനൗഠിനൗ' ആയ പുസ്തകം ഇപ്പോൾ മൃദുവായി. ഓരോ സൂത്രത്തിലും അപ്പോൾ ഞാൻ അനുഭവിച്ചുകൊണ്ടിരുന്ന എത്തും പിടിയും കിട്ടാത്ത അവസ്ഥയും എത്തും പിടിയും ഉണ്ടായിരുന്നു. എന്തൊരാശ്വാസം! വേവൽ പ്രഭുവാവേണ്ട കാര്യമില്ലെന്ന് മനസിലായി. ഇതൊക്കെ സംഭവ്യം. അതിന്റെ കാരണങ്ങൾ ഇന്നതൊക്കെയാണെന്ന് ഒരുവിധം മനസിലായി. പതുക്കെപ്പതുക്കെ ഞാൻ നേരത്തേ പറഞ്ഞ വിഭ്രമമണ്ഡലത്തിൽനിന്ന് പുറത്തുകടന്നു. ആഴമുള്ള കിണറ്റിൽനിന്ന് മുകളിലേക്ക് കയറാനുള്ള ഏണി കിട്ടിയതുപോലെ. അക്കാലത്ത ആ പുസ്തകം രണ്ടുമൂന്ന് തവണ കൊണ്ടുനടന്ന് വായിച്ചു.

'ഖം' എന്ന ശബ്ദത്തിന് ആകാശം എന്നാണ് അർത്ഥമെന്ന് ആ പുസ്തകത്തിലാണ് ആദ്യമായി വായിച്ചത്. 'സു' (നല്ല) 'ഖം' (ആകാശം) ആണ് സുഖം. 'സുഖമാണോ' എന്ന കുശലത്തിന്റെ അർത്ഥം 'നല്ല ആകാശമാണോ' എന്നാണെന്ന് ചോദിക്കുന്ന എത്ര പേർക്ക് അറിയാം? നിസാരമായി നാം കണക്കാക്കുന്ന ആ ചോദ്യം എത്ര ദാർശനികമാണ്, കാവ്യാത്മകമാണ്, ധ്വന്യാത്മകമാണ്. ഒന്നും നിസാരമല്ല. മാനസാകാശത്ത് ദുഃഖങ്ങളാകുന്ന കാർമേഘങ്ങളൊഴിഞ്ഞ് തെളിഞ്ഞതുപോലെയുള്ള അവസ്ഥയാണ് സുഖം. മാനസാകാശം കാർമേഘങ്ങളാൽ ദുഷിച്ചുപോവുന്ന അവസ്ഥയാണ് ദുഃഖം - ദുഷിച്ച ആകാശം. മാനാസാകാശത്ത് ദുഃഖങ്ങളാകുന്ന കാർമേഘങ്ങൾ വന്ന് ഇരുണ്ടുമൂടുവാനുള്ള കാരണങ്ങളെന്തൊക്കെയാണെന്ന് ആധുനികമനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ യതി പതഞ്ജലിയെ പൂരിപ്പിക്കുന്നു. കാർമേഘപടലങ്ങളെ നീക്കം ചെയ്യുവാനുള്ള മാർഗവും വിശദീകരിക്കുന്നു. ആധുനികശാസ്ത്രത്തിന്റേയും മനഃശാസ്ത്രത്തിന്റേയും വെളിച്ചത്തിലാണ് യതി പതഞ്ജലിയെ വ്യാഖ്യാനിക്കുന്നത്. അങ്ങനെ പതഞ്ജലിയെ സമകാലികമാക്കുന്നു.

ഇങ്ങനെയുള്ള ദുര്യോഗകാലത്താണ് 'യോഗപരിചയം' വായിക്കാനുള്ള യോഗമുണ്ടായത്. സാമാന്യമാനസികാവസ്ഥയിൽ വായിക്കാൻ പറ്റാത്ത ചില പുസ്തകങ്ങൾ ചില അസാമാന്യ മാനസികാവസ്ഥയിൽ പറ്റിയെന്ന് വരും. കരചരണാദികളറ്റ് ചുടലയിൽ മരണാസന്നയായി കിടക്കുന്ന വാസവദത്തയെത്തേടി ഉപഗുപ്തൻ വന്നതുപോലെയാണ് ചില പുസ്തകങ്ങൾ ചില വായനക്കാരെ തേടിവരുന്നത്. നാം പുസ്തകത്തെ തേടിപ്പോവുന്നതുപോലെ ചില പുസ്തകങ്ങൾ നമ്മെത്തേടി കാലങ്ങളും ദൂരങ്ങളും താണ്ടിവരും. യോഗപരിചയം എനിക്ക് അങ്ങനെയുള്ള പുസ്തകമാണ്.

യോഗപരിചയത്തിന്റെ ഒന്നാം വാല്യമായിരുന്നു അത്. യോഗശാസ്ത്രത്തിന്റെ ദാർശനിക വശങ്ങളാണതിൽ പ്രതിപാദിച്ചത്. അതിനുശേഷം 'സാധനാപാദം' എന്ന പേരിൽ യോഗശാസ്ത്രത്തിന്റെ പ്രായോഗികവശങ്ങളെക്കുറിച്ചുകൂടി എഴുതാൻ ആഗ്രഹമുണ്ടെന്ന് യതി ആമുഖത്തിൽ സൂചിപ്പിച്ചിരുന്നു. അതിനുള്ള യോഗം കാലം യതിക്ക് നൽകിയില്ല. എങ്കിലെന്ത്? ഈടുള്ള എത്രയോ പുസ്തകങ്ങളിലൂടെ നിലനിൽക്കാനുള്ള യോഗം യതിക്കുണ്ട്. ●

# പണ്ടുപണ്ട്...



വി.എച്ച്.ദിരാർ

സോവിയറ്റ് നാടും അമ്പിളിയമ്മാവനും കൈപിടിച്ചുനടന്ന എന്റെ ബാല്യകാലവായനകളെ യൗവനയുക്തമാക്കിയത് ഖസാക്കിന്റെ ഇതിഹാസമാണ്. എൺപതുകളുടെ ആദ്യവർഷങ്ങളിലാണ് ഞാൻ ഖസാക്കിന്റെ ഇതിഹാസം വായിക്കുന്നത്. അന്നെനിക്ക് പത്തൊമ്പതോ ഇരുപതോ വയസുണ്ടാവും. പ്രതീക്ഷാനിർഭരമായിരുന്ന ദർശനങ്ങൾക്ക് മുകളിൽ ഇരുട്ട് പരക്കുന്ന കാലമായിരുന്നു അത്. എത്ര കീ കൊടുത്താലും ഉണരാത്ത രീതിയിൽ പല പ്രസ്ഥാനങ്ങളും നിശ്ചലമായിക്കഴിഞ്ഞിരുന്നു. പരിസ്ഥിതിചിന്തകൾ നാമ്പെടുക്കുന്ന കാലമായിരുന്നു. ഒറ്റവൈക്കോൽ വിപ്ലവവും വൈദ്യശാസ്ത്രത്തിന്റെ അതിർവരമ്പുകളും പാടാത്ത പക്ഷികളും പുതിയ ഭാഷയിൽ മനുഷ്യരോട് സംസാരിക്കാൻ തുടങ്ങിയിരുന്നു. സ്വത്വവും അസ്തിത്വവും സംഘർഷാത്മകവും ശിഥിലവുമായ ചിന്തകൾകൊണ്ട് നിർഭരമായിരുന്നു.

ഖസാക്ക് കൈയിലെടുത്തപ്പോൾ എന്റെ ലോകത്തെത്തന്നെ മറ്റൊരു രൂപത്തിൽ കണ്ടുമുട്ടുകയായിരുന്നു. തസ്രാക്കിലെ സ്ഥലകാലങ്ങൾ വളരെ വേഗത്തിൽ എന്റെ സ്ഥലകാലങ്ങളായിത്തീർന്നു. രവിയിലേക്ക് ഞാൻ പരകായപ്രവേശം ചെയ്തു. ഖസാക്കിലെ നിമിഷങ്ങൾ ആദിയും അന്തവുമില്ലാത്ത ഒരു പ്രഹേളികയായിത്തീർന്നു. തസ്രാക്കിലെ വെയിലും മഴയും അങ്ങനെ ഞാൻ ഒരുപാട് കൊണ്ടിട്ടുണ്ട്. പണ്ടുപണ്ട് ഓന്തുകൾക്കും ദിനോസറുകൾക്കും മുമ്പ് എന്ന വാക്കുകൾ ഏതോ ഉപനിഷത്തിൽനിന്ന് പറന്നു




വന്ന പ്രപഞ്ചലീലയെക്കുറിച്ചുള്ള സൂക്തകം പോലെ തോന്നി എനിക്ക്. അക്ഷരാർത്ഥത്തിൽ ഖസാക്ക് എനിക്ക് ഒരു ഇതിഹാസമായിത്തീർന്നു.

ഏത് നാട്ടിൻപുറവും എനിക്ക് തസ്രാക്കായി. ഏത് നിമിഷവും ഒരു അപ്പുക്കിളി മുമ്പിൽ പൊട്ടിവിടരുമെന്ന് തോന്നി. മുക്കാൽമുണ്ടുടുത്ത് അള്ളാപ്പിച്ചയെപ്പോലെ ഒരു മൊല്ലാക്ക സലാം പറഞ്ഞ് വഴിവക്കിൽ നിൽപുണ്ടാവുമെന്ന് തോന്നി. നൊസ്സുപിടിച്ച നൈസാമലിയും ശിവരാമൻനായരും എന്റെ അയൽവീട്ടിൽ താമസിക്കുന്നുണ്ടെന്ന് തോന്നി. എന്റെ നാട്ടിലെ കുഞ്ഞഹമ്മദിക്കയെ കാണുമ്പോൾ എനിക്ക് ചുക്രുറാവുത്തരെ ഓർമ വരുമായിരുന്നു. കിണറിന്റെ ചില്ലുജാലകങ്ങൾ തുറന്ന് ആഴങ്ങളിലേക്ക് ചുക്രുറാവുത്തരേപ്പോലെ കുഞ്ഞമ്മദിക്കയും ഒരിക്കൽ നീന്തിപ്പോയിരുന്നു, തിരിച്ചുവരാതെ...

ഖസാക്കിന്റെ വായനയുടെ ആവേഗങ്ങൾ ഇന്നും എന്നെ വിട്ടുപോയിട്ടില്ല. ഒരു നല്ല പുസ്തകം എത്ര ജന്മങ്ങളിലേക്കും ലോകങ്ങളിലേക്കുമാണ് മനുഷ്യരെ കൂട്ടിക്കൊണ്ടുപോവുന്നത്. ●

# എഴുത്തും വെള്ളിത്തിരയും

## ചലച്ചിത്രമേള ഫെബ്രുവരി 3 മുതൽ 11 വരെ രാവിലെ 10:30ന് സാഹിത്യ അക്കാദമി ഓഡിറ്റോറിയം

കേരള സാഹിത്യ അക്കാദമി നവചിത്ര ഫിലിം സൊസൈറ്റിയുമായി സഹകരിച്ച് നടത്തുന്ന എഴുത്തും വെള്ളിത്തിരയും എന്ന ചലച്ചിത്രമേളയിൽ പ്രമുഖ എഴുത്തുകാരുടെ സൃഷ്ടികളെ അവലംബിച്ച് വിഖ്യാതരായ സംവിധായകർ ഒരുക്കിയ സിനിമകൾ പ്രദർശിപ്പിക്കുന്നു.

ഫെബ്രുവരി 3
ദൈവത്തിന്റെ വികൃതികൾ/ലെനിൻ രാജേന്ദ്രൻ
1994/മലയാളം/ 108 മിനിറ്റ്
എം.മുകുന്ദന്റെ നോവലിന്റെ ചലച്ചിത്രാവിഷ്കാരം.

ഫെബ്രുവരി 4
അന്തരീൻ/മൃണാൾ സെൻ
1993/ബംഗാളി/91 മിനിറ്റ്
സാദത്ത് ഹസൻ മൻതോയുടെ കഥയുടെ ചലച്ചിത്രാവിഷ്കാരം.

ഫെബ്രുവരി 5
ദി കൺഫേമിസ്റ്റ്/ബർണാഡോ ബെർട്ടലൂച്ചി
1970/ഇറ്റലി-ഫ്രാൻസ്-ജെർമനി/113 മിനിറ്റ്
ആൽബെർട്ടോ മൊറാവിയയുടെ നോവലിന്റെ ചലച്ചിത്രാവിഷ്കാരം.

ഫെബ്രുവരി 6
ആഗന്തുക്/സത്യജിത് റേ
1991/ബംഗാളി/120 മിനിറ്റ്
സത്യജിത് റേയുടെ കഥയുടെ ചലച്ചിത്രാവ്ഷികാരം.

ഫെബ്രുവരി 7
ഗോയാസ് ഗോസ്റ്റ്സ്/മിലോസ് ഫോർമൻ
2006/യുഎസ്-സ്പെയ്ൻ/ഇംഗ്ലീഷ്/114 മിനിറ്റ്
ഷോൺ ക്ലോഡ് കാരിയറുടെ തിരക്കഥ.

ഫെബ്രുവരി 8
അജാന്ത്രിക്/ഋത്വിക് ഘട്ടക്
1958/ബംഗാളി/104 മിനിറ്റ്
സുബോധ് ഘോഷിന്റെ കഥയുടെ ചലച്ചിത്രാവിഷ്കാരം.

ഫെബ്രുവരി 9
പഞ്ചവടിപ്പാലം/കെ.ജി.ജോർജ്
1984/മലയാളം/133 മിനിറ്റ്
വേളൂർ കൃഷ്ണൻകുട്ടിയുടെ നോവലിന്റെ ചലച്ചിത്രാവിഷ്കാരം.

ഫെബ്രുവരി 10 (ഉച്ചക്ക് പന്ത്രണ്ട് മണി)
ദി ഹേന്റ്മെയ്ഡ് ടെയ്ൽ/ വോൾകർ ഷോൺ ഡ്രോഫ്
1990/യുഎസ്-ജെർമനി/ഇംഗ്ലീഷ്/108 മിനിറ്റ്
മാർഗരറ്റ് അറ്റ്വുഡ്ഡിന്റെ നോവലിന്റെ ചലച്ചിത്രാവിഷ്കാരം.

ഫെബ്രുവരി 11
മിസിസ് ഡാളവെ/മർലീൻ ഗോറിസ്
1997/യുഎസ്-യുകെ/97 മിനിറ്റ്
വിർജീനിയ വുൾഫിന്റെ നോവലിന്റെ ചലച്ചിത്രാവിഷ്കാരം.

സിനിമകളെയും എഴുത്തുകാരെയും പരിചയപ്പെടുത്തുന്നു.

ഫെബ്രുവരി 4 - ബെന്നി ബെനഡിക്റ്റ്
ഫെബ്രുവരി 5 - ടി.യു.ഷാജി
ഫെബ്രുവരി 6 - അനു പാപ്പച്ചൻ
ഫെബ്രുവരി 7 - പി.എൻ.പ്രകാശ്
ഫെബ്രുവരി 8 - അൻവർ അലി
ഫെബ്രുവരി 9 - കെ.ബി.വേണു
ഫെബ്രുവരി 10 - ഐ.ഷൺമുഖദാസ്
ഫെബ്രുവരി 11 - യാമിനി പരമേശ്വരൻ



ഗയ പുത്തകച്ചാല പ്രസിദ്ധീകരിച്ച സുനിതാദാസിന്റെ നിലാവും ഭൂമിയും കുറേ നിമിത്തകങ്ങളും
പി.മുരളീധരന് നൽകി വൈശാഖൻ പ്രകാശനം ചെയ്യുന്നു.



ഐ ബുക്സ് പ്രസിദ്ധീകരിച്ച സന റബ്സിന്റെ സ്വരാക്ഷരങ്ങൾ
ഡോ.എസ്.രാജശേഖരന് നൽകി വൈശാഖൻ പ്രകാശനം ചെയ്യുന്നു.



പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഷൈൻ ഷൗക്കത്തലിയുടെ കോർപ്പറേറ്റ് കടൽ
കെ.വി.രാമകൃഷ്ണന് നൽകി എസ്.കെ.വസന്തൻ പ്രകാശനം ചെയ്യുന്നു.

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : Monalisa | Design : Roy Akkara